SJD/3612/2023-D6

**“ഭരണഭാഷ – മാതൃഭാഷ”**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :15-03-2025
Email -swdkerala@gmail.com
Phone : 0471 – 2306040

**സർക്കുലർ**

വിഷയം: സാമഹ്യനീതി വകപ്പ് – ഡറക്ടറേറ്റ് – 16/08/1999 മുതൽ 31/12/2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഭിന്നശേഷിക്കാരിൽ നിന്നും സ്ഥിര നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

സൂചന: അർദ്ധ ഔദ്യോഗിക കത്ത് നം. ബി1/394/2021/സാ നീ വ, തീയ്യതി 28.11.2024

**16/08/1999 മുതൽ 31/12/2003 വരെയുള്ള കാലയളവിൽ** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള 2677 ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് 18/05/2013 ലെ സ.ഉ(പി) നം.40/13/സാനീവ നം. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു.

ഭിന്നശേഷിക്കാരുടെ ബാക്ക് ലോഗ് നിയമനവുമായി ബന്ധപ്പെട്ട് കേരള നിയമ സഭയുടെ യുവജന ക്ഷേമവും യുവജന കാര്യവും സംബന്ധിച്ച സമിതി (2021-23) മുമ്പാകെ ശ്രീ. ജോർജ്ജ് റ്റി. വി സമർപ്പിച്ച ഹർജിയിന്മേൽ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും നൽകിയ റിപ്പോർട്ട് 08/06/2022 ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയും, **16/08/1999 മുതൽ 31/12/2003 വരെയുള്ള കാലയളവിൽ** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഭിന്നശേഷിക്കാരെ സൂപ്പർന്യൂമററി തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിലെ ബാക്ക് ലോഗ് നികത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനും സമിതി ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ **മേൽ കാലയളവിൽ സേവനം പൂർത്തിയാക്കിയിട്ടുള്ള ഭിന്നശേഷിക്കാരിൽ ഇനിയും സ്ഥിരനിയമനം ലഭിക്കാത്തവർ ഉണ്ടെങ്കിൽ,** അവരിൽ നിന്നും അപേക്ഷ സ്വീകരിക്കുവാൻ ഈ കാര്യാലയത്തിൽ നിന്നും പത്രപരസ്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പി.ആർ.ഡി മുഖേന പ്രചരണം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ടി പത്ര പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ സ്വീകരിക്കേണ്ടതാണ്.
2. **16/08/1999 മുതൽ 31/12/2003 വരെയുള്ള കാലയളവിൽ** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന

താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ളവരുടെ ലിസ്റ്റിൽ പത്രപരസ്യത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ലഭ്യമായിട്ടുള്ള അപേക്ഷകർ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടതാണ്.

3. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ അപേക്ഷകളിൽ പരിശോധന നടത്തേണ്ടതും അപേക്ഷകന്റെ ജനനതീയതി തെളിയിക്കുന്ന രേഖ (SSLC Book), ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, താൽക്കാലിക നിയമന ഉത്തരവ്, ആധാർ കാർഡ്, ഡിസെബിലിറ്റി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് പകർപ്പ് സഹിതം ശുപാർശ ചെയ്ത് ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.
4. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന **16/08/1999 മുതൽ 31/12/2003 വരെയുള്ള കാലയളവിൽ** താൽക്കാലികമായി നിയമനം ലഭിക്കുകയും വിടുതൽ ദിവസം പൊതു അവധി, അദ്ധ്യയന വർഷാവസാനം, പ്രസവാവധി, തുടങ്ങിയ പ്രത്യേക സാഹചര്യങ്ങളിൽ 179 ദിവസം പൂർത്തിയാക്കാത്തവരുടെയോ, മേൽ സാഹചര്യങ്ങളാൽ സേവന കാലഘട്ടം 2004 ലേക്ക് കടന്നവരുടെയോ അപേക്ഷകൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണ്.
5. 2016 ലെ ഭിന്നശേഷി അവകാശ നിയമം പ്രകാരം നിശ്ചിത മാതൃകയിൽ പെർമനെന്റ് ഡിസെബിലിറ്റി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റോ യു.ഡി.ഐ.ഡി കാർഡോ ലഭ്യമല്ലാത്ത അപേക്ഷകരുടെ മെഡിക്കൽ ബോർഡ് റീ അസെസ്മെന്റ് നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ പ്രസ്താവിച്ച വിധം ജില്ലാതലത്തിൽ നടപടികൾ സ്വീകരിച്ച് അപേക്ഷകരുടെ ലിസ്റ്റ് ശുപാർശ ചെയ്ത് ബന്ധപ്പെട്ട രേഖകൾ സഹിതം 30/04/2025 ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന **16/08/1999 മുതൽ 31/12/2003 വരെയുള്ള കാലയളവിൽ** താൽക്കാലികമായി നിയമനം നേടിയവരുടെ അപേക്ഷകൾ മാത്രം ജില്ലാ സാമൂഹ്യനീതി ഓഫീസർ പരിഗണിക്കേണ്ടതും അല്ലാത്തവ നിരസിക്കേണ്ടതുമാണ്.

Signed by
Arun S Nair
Date: 15-03-2025 00:35:16

Dr ARUN S NAIR IAS
സാമൂഹ്യനീതി ഡയറക്ടർ

# <u>പത്രപരസ്യം</u>

18/05/2013 ലെ സ.ഉ(പി) നം.40/13/സാനീവ നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ **16/08/1999 മുതൽ 31/12/2003 വരെയുള്ള കാലയളവിൽ** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് സർക്കാർ സർവ്വീസ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കേരള പബ്ലിക് സർവ്വീസസ് കമ്മീഷൻ എന്നിവിടങ്ങളിൽ **179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ളതും നാളിതുവരെ സ്ഥിര നിയമനം ലഭിച്ചിട്ടില്ലാത്തവരുമായ ഭിന്നശേഷിക്കാരിൽ നിന്നും സൂപ്പർ ന്യൂമററി നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്നു.** അപേക്ഷകർ രേഖകൾ സഹിതം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് <u>**2025 മാർച്ച് 31**</u> നകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **swdkerala@gmail.com** എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

Signed by
Arun S Nair
Date: 15-03-2025 00:33:34

സാമൂഹ്യനീതി ഡയറക്ടർ